## തദ്ദേശസ്വയംഭരണവകുപ്പ് – പാലക്കാട് – ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)

## കൺവീനറുടെ നടപടിക്രമം

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല – ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ. സുനിൽ പോൾ, പുലാകുടിയിൽ ഹൌസ്, റോസ് ഗാർഡൻ ഫ്ലാറ്റ്, കല്ലേകുളങ്ങര എന്നയാൾ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി മുമ്പാകെ നല്കിയ പരാതി

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 07.06.2024</u>**

മേൽ സൂചന പ്രകാരം ശ്രീ. സുനിൽ പോൾ, പുലാകുടിയിൽ ഹൌസ്, റോസ് ഗാർഡൻ ഫ്ലാറ്റ്, കല്ലേകുളങ്ങര എന്നയാൾ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ഉള്ള കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ സംബന്ധിച്ചും മറ്റും പരാതിപ്പെട്ടുകൊണ്ട് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു.

പരാതി സംബന്ധിച്ച് അകത്തേത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി. അതിൽ ടി കെട്ടിടം 2011 ലെ ബിൽഡിംഗ് റൂൾ വരുന്നതിനു മുമ്പുള്ള കെട്ടിടമാണെന്നും അന്നത്തെ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഏരിയയാണ് പെർമിറ്റിൽ കാണുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011-12 വർഷത്തിൽ നമ്പർ അനുവദിച്ച ടി കെട്ടിടത്തിലെ ഓരോ ഫ്ലാറ്റും ഓഫീസ് മുറിയും പലർക്കായി വിൽപന നടത്തിയതായും, ഈ കെട്ടിടത്തിലെ ഷട്ടറിട്ട പാർക്കിംഗ് ഏരിയയിൽ അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനം ടിയാന്റെ പരാതിയിൻമേലുള്ള നടപടിയുടെ ഭാഗമായി പ്രവർത്തനരഹിതമാക്കിയിട്ടുണ്ടെന്നും, പരാതിക്കാരൻ പാർക്കിംഗ് ഏരിയക്കുള്ള സ്ഥലം വാങ്ങിയിട്ടില്ലെന്ന് അന്വേഷണത്തിൽ അറിയുന്നതായും അറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാൻ വിവരാവകാശ നിയമം അനുസരിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതായും പറയുന്നു.

അകത്തേത്തറ ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിയും, പരാതിക്കാരനും അദാലത്തിൽ നേരിൽ ഹാജരായി. പരാതിക്കാരനെ നേരിൽ കേട്ടതിൽ ടി കെട്ടിടത്തിലെ പാർക്കിംഗ് ഏരിയ അടച്ചുകെട്ടി വാണിജ്യാവശ്യത്തിനു ഉപയോഗിക്കുന്നതായും ടിയാന് വാഹന പാർക്കിംഗിനു സ്ഥലം ലഭ്യമല്ലെന്നും അറിയിച്ചു.

1999 ലെ കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ ചട്ടം 34 പ്രകാരം പെർമിറ്റ് നൽകുന്ന സമയത്ത് ചട്ടത്തിൽ പറയുന്ന പ്രകാരമുള്ള പാർക്കിംഗ് ഏരിയ ലഭ്യമാക്കിയായി കാണുന്നു. കെട്ടിടത്തിനു നമ്പർ നൽകുന്ന സമയത്ത് ചട്ടപ്രകാരം ആവശ്യമായ പാർക്കിംഗ് ഏരിയ ഇപ്പോഴും ഉണ്ടെന്ന് കാണുന്നു. ഈ ഏരിയ പാർക്കിങിനു മാത്രമായി നിലനിർത്തിന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയോട് നിർദേശിക്കുന്നതിനു തീരുമാനിച്ചു.

ഈ പരാതി ഇതു പ്രകാരം തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ. സുനിൽ പോൾ, പുലാകുടിയിൽ ഹൌസ്, റോസ് ഗാർഡൻ ഫ്ലാറ്റ്,

കല്ലേകുളങ്ങര